CHRISTIAN MUSICOLOGICAL SOCIETY OF INDIA

# Christian Bhajans

**by**

**Joseph J. Palackal**

***The first Gramophone record of Christian bhajans in Malayalam***
Long Playing Record (33 1/31 RPM). Deccan Records Pvt. Ltd., Bangalore, India.
LDEC 102 (1979)

## Lyrics

### Side One

Track 1 **Aroopa Mahatma**
അരൂപാ മഹാത്മാ ചിതാനന്ത സാരാ
അവിദ്യാ വിരുദ്ധം വിവേകം തരൂ നീ
തമസ്സിൻ ക്രുതാന്താ തരു നീ പ്രകാശം
അജാതാ നിതാന്താ
സുചൈതന്യമേകൂ

Track 2 **Jyothi Jyothi**

ആദിയിൽ വചനമുണ്ടായിരുന്നു
വചനം ദൈവത്തോടുകൂടെയായിരുന്നു
ആ വചനം ലോകത്തിൻെറ പ്രകാശമായിത്തീർന്നു

ജ്യോതി ജ്യോതി ജ്യോതി
നിത്യ സനാതന ജ്യോതി
നിതാന്ത സൗഭഗ ജ്യോതി

ഈശ്വര പാർശ്വ നിവാസം ജ്യോതി
ഈശോന്മുഖിതം വചനം ജ്യോതി

അന്ധത ധ്വംസന ദീപം ജ്യോതി
സുന്ദര താത സ്വരൂപം ജ്യോതി

പ്രപഞ്ച പ്രകർഷ പ്രണവം ജ്യോതി
പ്രകാശ മണ്ഡല നാളം ജ്യോതി

മാനുഷ മാംസ സ്വരൂപം ജ്യോതി
മാനവ ഹ്രുദയ പ്രണയം ജ്യോതി

thecmsindia.org

## Track 3 **Mahita Manasa**

മഹിത മാനസ മഹതേ ശരണം
യേശു ദേവാ വന്ദനം
നിത്യ സത്യമെൻ ജീവ സാരമേ
ഈശ്വരാ ജഗദീശ്വരാ
സത്യസുന്ദര വചസ്സേ മഹസ്സേ
യേശു ദേവാ വന്ദനം

ഹോമിതം തവ ജീവിതം നിത്യ
മോചിതം നര ജീവിതം
സ്നേഹ സേവന നിയമ സാരമെ
യേശു ദേവാ വന്ദനം
ജീവിതേശ്വര ജീവ ദായക
യേശു ദേവാ വന്ദനം

ശാന്തി തൻ മ്രുദു കാന്തി ചിന്തിടും
ഈശ്വരാ ജഗദീശ്വരാ
ദീന മാനസരായ് ഉഴന്നിവർ
തേടിടുന്നു പദാമ്പുജം
സ്നേഹ സാരമേ ത്യാഗസൂനമേ
യേശു ദേവാ വന്ദനം

## Track 4 **Sarwesha Wachanam**

സർവേശ വചനമനന്തം
സർഗ്ഗാത്മ സ്നേഹവികാരം
കൈവല്യ ദായക വചനം
കൂപ്പുന്നു നിൻ തിരുമുൻപിൽ

## Track 5 **Saranam Saranam**

ശരണം ശരണം, ശരണം ശരണം

പ്രീതി സ്വരൂപനെ ശരണം
ദിവ്യ ജ്യോതിയെ ശരണം
കരുണാ മൂർത്തിയെ ശരണം

ജീവ ദാതനെ ശരണം
ദിവ്യ തേജനെ ശരണം
ശാന്തി ദാതനെ ശരണം

ശരണം, ശരണം, ശരണം

thecmsindia.org

Track 6 **Wande Wande**
വന്ദേ വന്ദേ വന്ദേ നാഥാ

വന്ദേ നാഥാ ചിന്മയ രൂപാ

പൂർണ്ണിമയോലും ജഗദീശാ

പൂജിതമങ്ങേ തിരുനാമം

കരുണാ സാഗര സത്ഗുരുവേ

പാവന പാവന പരിപൂർണ്ണാ

## Side Two

Track 7 **Om Jagat Jyothi**
ഓം ജഗത് ജ്യോതി യേശു ഭഗവാൻ
നവ്യ സനാതന തവ സത്യ രൂപം
ഭൂവിൽ ജ്വലിക്കും പ്രഭാ ജീവ നാളം
ഓം ജഗത് ജ്യോതി നമോ നമോ

Track 8 **Om Guru Om Guru**
ഓം ഗുരു ഓം ഗുരു സച്ചിദാനന്ദാ
സച്ചിദാനന്ദ ഗുരു ചിന്മയാനന്ദ

മമ മമ ഗുരു സച്ചിദാനന്ദ
സച്ചിദാനന്ദ ഗുരു ചിന്മയാനന്ദ

ജഗത് ഗുരു ജഗത് ഗുരു സച്ചിദാനന്ദ
സച്ചിദാനന്ദ ഗുരു ചിന്മയാനന്ദ

ജയ ഗുരു ജയ ഗുരു സച്ചിദാനന്ദ
സച്ചിദാനന്ദ ഗുരു ചിന്മയാനന്ദ

ഓം ഗുരു ഓം ഗുരു സച്ചിദാനന്ദാ
സച്ചിദാനന്ദ ഗുരു ചിന്മയാനന്ദ

മമ ഗുരു മമ ഗുരു സുപ്രണാമം
മമ സുപ്രണാമം

thecmsindia.org

## Track 9 **Saranamesumaheswara**
ശരണമേശു മഹേശ്വരാ
ശരണം ദിവ്യപ്രകാശമേ
ശരണം ശരണം

ശരണമേശുമഹേശ്വരാ
ശരണം ദിവ്യ പ്രകാശമേ
ശരണം ശക്തി പരാപരാ
ശരണം നിത്യ ക്രുപാകരാ
ശരണം ശരണം

ബദ്‌ലേഹിമിലെ ശീതമലയിൽ
വന്നുദിച്ചൊരു ലോകപാലക
കൈതൊഴുന്നിത സന്നിധേ
ശരണമഖില ജനാവലി
ശരണം ശരണം

സ്വർഗ്ഗവാതിൽ തുറന്നു ഭൂവി-
ന്നാശിസ്സേകിയ ദൈവ നന്ദനാ
സ്നേഹരൂപമെ ഞങ്ങളിൽ
വരണമലിവൊടു നായകാ
ശരണം ശരണം

മന്നിടത്തിലണഞ്ഞു മ്രുതരിൽ
ജീവനേകിയ ദൈവനന്ദനാ
കൈതൊഴുന്നിത സന്നിധെ
ശരണമഖില ജനാവലി
ശരണം ശരണം

## Track10 **Jeewa Kiranamay**
ജീവ കിരണമായ് വിളങ്ങും യേശു നായകാ

ശ്രീയേശു നായകാ

സ്നേഹ നിധേ ദിവ്യ പാദെ വന്നിടുന്നിതാ
തവ മനോജ്ഞ സന്നിധാനം
കാമ്യമേറ്റവും – ശ്രീയേശുനായകാ

ഹ്രുദയമാകും കോവിലിൽ നീ
സ്നേഹനാളമായ്, ചിദാത്മ സാരമായ്
മഹേശ വാഴ്ക നീ

thecmsindia.org

Track 11 **Daiwame Thathanam**
ദൈവമേ താതനാം ശാന്തി സ്വരൂപാ
ദൈവമെ പുത്രനാം സ്നേഹ സ്വരൂപാ
ദൈവമേ ആത്മനാം സത്യ സ്വരൂപാ
വന്ദനം വന്ദനം പാവന ത്രിത്വമേ

Track 12 **Snehamaheswara**
സ്നേഹമഹേശ്വരാ
സ്വീകരിക്കേണമേ
സ്വർഗ്ഗിയമീ ദിവ്യ യാഗം
സ്വർഗ്ഗിയമീ ദിവ്യ യാഗം

ജീവിത താലത്തിൽ
ഞങ്ങളണച്ചീടുമീ
കാഴ്ചകൾ കൈക്കൊൾക നാഥാ
ശക്തനാം നാഥാ നിൻ കൈകളിൽ ഞങ്ങളെ
ഭക്തിയോടർപ്പിക്കുന്നെന്നും
ജീവൻ പകർന്നു നിൻ സ്നേഹത്തിൽ ഞങ്ങളെ
നിത്യവും ചേർക്കുക നാഥാ